(ഡി) ശാസ്ത്രഗവേഷണ പ്രവർത്തനങ്ങൾ സ്വന്തമായും മറ്റുള്ളവരുമായി സഹകരിച്ചും, സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും അംഗീകാരത്തോടുകൂടിയും നടത്തുവാനുള്ള അധികാരം റ്റി. ബി. ജി. ആർ. ഐ.-ക്കുണ്ട്.

(ഇ & എഫ്) ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം മേഖലയിൽ നിന്നും സർക്കാരിന് ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങൾ

21 (*610) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ നിന്നും 1999-2000 വർഷം സംസ്ഥാന സർക്കാരിന് ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ടൂറിസം മേഖലയിൽ 1999-2000 വർഷം സംസ്ഥാന സർക്കാരിന് എന്തു തുക വരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ഈ മേഖലയിൽ നിന്നും എന്ത് തുകയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) 1999-2000 വർഷത്തിൽ എത്ര ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ട് അറിവുണ്ടോ ;

(ഇ) വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ജി) ടൂറിസം മേഖലയിൽ നിന്നും കൂടുതൽ വരുമാനം ഉണ്ടാക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 1999-2000 വർഷം ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാരിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1999-2000 വർഷം സംസ്ഥാനത്തിന് ഏകദേശം 600 കോടി രൂപ വരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് താൽക്കാലികമായി കണക്കാക്കപ്പെടുന്നു.

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മേഖലയിൽ നിന്നും അടുത്ത സാമ്പത്തിക വർഷം 750 കോടി രൂപ വരുമാനം ലഭിക്കുമെന്ന് അനുമാനിക്കുന്നു.

(ഡി) 1999-2000 വർഷത്തിൽ 1,52,941 വിദേശ വിനോദസഞ്ചാരികളും 47,82,589 സ്വദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചതായി താൽക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു.

(ഇ) വിദേശ ടൂറിസം വിപണിയിൽ കേരള സാന്നിദ്ധ്യം പ്രകടമാക്കുന്നതിന് വേണ്ടിയും വിദേശ ടൂറിസ്റ്റുകൾക്കും ടൂർ ഓപ്പറേറ്റർമാർക്കും വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയും ടൂറിസം വകുപ്പ് പ്രശസ്തമായ അന്താരാഷ്ട്രമേളകളിൽ പങ്കെടുത്തു വരുന്നു ഇലക്ട്രോണിക് സാങ്കേതിക വിദ്യ പൂർണമായി ഉപയോഗപ്പെടുത്തി വിശദമായ ഇന്റർനെറ്റ് വെബ്സൈറ്റ് രൂപീകരിക്കുകയും ഇന്റർനെറ്റിലൂടെ കേരളത്തെക്കുറിച്ചുള്ള വിശദ വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ വിനോദസഞ്ചാരോപാധികൾ ഏർപ്പെടുത്തിയും സംസ്ഥാനത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ രംഗത്ത് കൂടുതൽ മുതൽമുടക്ക് സ്വകാര്യ-സംയുക്ത-സർക്കാർ മേഖലകളിലായി ഉണ്ടാകാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചതിനെ തുടർന്ന് ഈ രംഗത്തെ നിക്ഷേപകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇലക്ട്രിസിറ്റി താരിഫ് ഇളവ് ഇവ നൽകി വരുന്നുണ്ട്.

(ജി) ടൂറിസം രംഗത്ത് സർക്കാർ മേഖലയിൽ സ്വകാര്യ സംയുക്ത മേഖലകളിലും കൂടുതൽ വിനോദസഞ്ചാരോപാധികൾ ഏർപ്പെടുത്തിയും അനുബന്ധ സേവനമേഖലകളായ താമസ സൗകര്യം, ഭക്ഷണം, ഗതാഗതം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തിയും ടൂറിസം മേഖലയിൽ നിന്നും കൂടുതൽ വരുമാനം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. പമ്പാ, കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കൽ, അഷ്ടമുടി മല ബാർ കായലുകളുടെ സംയോജിത വികസനം വിനോദസഞ്ചാരികൾക്കുള്ള സൗകര്യങ്ങളുടെ വികസനം. ഫോർട്ട് കൊച്ചിയുടെ സമഗ്ര വികസനം സ്വകാര്യമൂലധന പങ്കാളിത്തത്തോടെയുള്ള വേളി ടൂറിസ്റ്റ് ഗ്രാമത്തിനെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ, സംയുക്ത മേഖലയിൽ പാതിരാമണലിൽ പ്രകൃതിയുമായി ഇണങ്ങുന്ന ഫ്ളോട്ടിംഗ് റിസോർട്ടുകൾ ഏർപ്പെടുത്തൽ, വാഗമണിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോട്ടലുകളും ഗോൾഫ് കോഴ്സും സ്ഥാപിക്കൽ, തൃപ്പുണിത്തുറയിലെ ഹിൽപാലസും നേപ്പിയർ മ്യൂസിയവും പുനരുദ്ധരിക്കൽ, തെന്മലയിൽ ഇക്കോ-ടൂറിസം പ്രോജക്ട് തുടങ്ങിയവയാണ് ഈ ലക്ഷ്യത്തോടെ നടപ്പാക്കി വരുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പ്രധാന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly